# ‘അനുഗ്രഹിക്കുന്നവരായിരിപ്പിൻ’

## 1 പത്രോസ് 3:9

‘‘ദോഷത്തിനു ദോഷവും ശകാരത്തിനു ശകാരവും പകരം ചെയ്യാതെ നിങ്ങൾ അനുഗ്രഹം അനുഭവിക്കേണ്ടതിനു വിളിക്കപ്പെട്ടതുകൊണ്ടു അനുഗ്രഹിക്കുന്നവരായിരിപ്പിൻ.’’

ലോകത്തിന്റെ ന്യായമാണ് ദോഷത്തിനു ദോഷവും, ശകാരത്തിനു ശകാരവും പകരം ചെയ്യുക എന്നത്. എന്നാൽ ദൈവമക്കളാകുന്ന നമ്മൾ അങ്ങനെ ആകരുത് എന്നാണ് വചനം പറയുന്നത്. നമ്മെ വിളിച്ചിരിക്കുന്നത് നമ്മുടെ കർത്താവായ യേശുമശിഹാ ക്രൂശിന്റെ പാതയിൽക്കൂടി നമുക്കായി ഒരുക്കിത്തന്ന സ്വർഗ്ഗീയ അനുഗ്രഹങ്ങൾക്ക് പങ്കാളികളായിത്തീരാനാണ്. അതുകൊണ്ടാണ് നമ്മുടെ യേശുകർത്താവ് നമ്മോട് പറഞ്ഞത് ‘‘നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ, നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ. സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രന്മാരായി തീരേണ്ടതിനു തന്നേ’’. ലോകപ്രകാരം ജീവിക്കുന്ന ഒരാൾക്ക് ഇതു വളരെ പ്രയാസമുള്ള ഒരു കാര്യമാണ്. എന്നാൽ നമ്മളെ വിളിച്ചിരിക്കുന്നത് ദൈവസ്നേഹം ലോകത്തിനു കാണിച്ചുകൊടുക്കാൻ വേണ്ടിയാണ്. നമുക്ക് സ്നേഹിക്കാൻ കഴിഞ്ഞാൽ അനുഗ്രഹിക്കാൻ കഴിയും. ആ സ്നേഹം നമ്മുടെ ഉള്ളത്തിൽ വരുന്നതിനു വേണ്ടിയാണ് ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കാൻ കർത്താവ് പറഞ്ഞത്. നമ്മുടെ കർത്താവിന് മാറ്റാൻ കഴിയാത്തതായി യാതൊന്നുമില്ല. തിന്മയെ നന്മയായി മാറ്റാൻ കഴിവുള്ളവനാണ് അവൻ. അതിനാൽ ഭയപ്പെടാതെ കലങ്ങാതെ എല്ലാം കർത്താവിന്റെ കരങ്ങളിൽ കൊടുക്കുക.

അതിനാൽ സ്നേഹത്തിന്റെ വിലയറിയാത്ത ഇന്നത്തെ ലോകത്തിൽ, ദൈവമക്കളാകുന്ന നമുക്ക് നന്മ ചെയ്യുന്നതിന് ശുഷ്ക്കാന്തിയുള്ളവരായിരിക്കാം. നമ്മുടെ കർത്താവ് നമ്മെ കാണിച്ചു തന്നതുപോലെ അന്യോന്യം സ്നേഹിക്കുകയും ആശ്വസിപ്പിക്കുകയും, കരുതുകയും ചെയ്യാം. എല്ലായിപ്പോഴും അനുഗ്രഹിക്കുന്നവരായിരിക്കാം.

പരാമർശം :

പുറപ്പാടു 23:25

നിങ്ങളുടെ ദൈവമായ യഹോവയെ തന്നേ സേവിപ്പിൻ; എന്നാൽ അവൻ നിന്റെ അപ്പത്തെയും വെള്ളത്തെയും അനുഗ്രഹിക്കും; ഞാൻ രോഗങ്ങളെ നിന്റെ നടുവിൽനിന്നു അകറ്റിക്കളയും.

സിസ്റ്റർ റീന ഷാജി ഏബ്രഹാം പള്ളിപ്പാട് 003